**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1444** **18-01-2021 - ൽ മറുപടിയ്ക്ക്**

**സമഗ്ര തീരദേശ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എം . വിൻസെൻറ് ,<br>ശ്രീ . വി .എസ്. ശിവകുമാർ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | **Smt. J. Mercykutty Amma<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി)** | |
| (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശത്തിന്റെ സമഗ്രവികസനത്തിനായി രണ്ടായിരം കോടി രൂപയുടെ സമഗ്ര തീരദേശ പാക്കേജ് പ്രഖ്യാപിച്ചിരുന്നോ; | (എ) | പ്രഖ്യാപിച്ചിരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് പഠനം നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്; പ്രസ്തുത ഏജൻസി ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശ മേഖലയ്ക്ക് പൊതുവിലും മത്സ്യമേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിയും സമഗ്ര വികസനം ഉറപ്പാക്കുന്നതിന് ആവശ്യമായ ദീർഘകാല വികസന പദ്ധതികൾ ആവിഷ്കരിക്കുകയാണ് പ്രസ്തുത പാക്കേജിന്റെ ലക്ഷ്യം. തീരദേശ മേഖലയിലെ വികസന വിടവുകൾ തിരിച്ചറിഞ്ഞ്, മത്സ്യത്തൊഴിലാളികളുടെ സമ്പൂർണ്ണ പുനരധിവാസം, ജീവനോപാധികൾ വികസിപ്പിക്കൽ, മാനവ വികസനം, സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കൽ, തീരദേശ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനം മുതലായ വ്യത്യസ്ത ഘടകങ്ങൾ ഉൾപ്പെടുത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പാക്കേജ് ആവിഷ്കരിക്കുവാനാണ് തീരുമാനിച്ചത്. മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഒരു വിദഗ്ധ സമിതിയാണ് സ്പെഷ്യൽ പാക്കേജ് ആവിഷ്കരിക്കുന്നതിന്റെ മേൽ നോട്ടം വഹിക്കുന്നത്. പ്രസ്തുത കമ്മിറ്റി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വ്യത്യസ്ത മേഖലകളിൽ വിശദ പഠനം ആവശ്യമാണെന്ന് വിലയിരുത്തുകയും അത്തരം പഠനങ്ങൾക്കായി Tata Institute of Social Sciences (TISS), Institute of Rural Management Anand, (IRMA) എന്നീ ഏജൻസികളെ ചുമതലപ്പെടുത്തുകയും ചെയ്തു. മത്സ്യമേഖലയിലെ |

| | | | |
|---|---|---|---|
| | | | പശ്ചാത്തല വികസനം, മാനവ വികസനം, സാമൂഹ്യ സുരക്ഷിതത്വം, ദുരന്ത നിവാരണം, കടൽ സുരക്ഷ എന്നീ വിഷയങ്ങളിൽ TISS നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് പരിശോധിച്ചു വരുന്നു. മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ സംബന്ധിച്ച പഠനത്തിന് ചുമതലപ്പെടുത്തിയ IRMA യുടെ പഠനം കോവിഡ് 19 ന്റെ പ്രതിസന്ധി മൂലം പൂർത്തിയായിട്ടില്ല. ഈ സാഹചര്യത്തിൽ പ്രത്യേക സ്പെഷ്യൽ പാക്കേജിന്റെ ഭാഗമായി തീരദേശ മേഖലയിലെ പശ്ചാത്തല വികസനവും മത്സ്യത്തൊഴിലാ ളികളുടെ സമ്പൂർണ്ണ പുനരധിവാസവും ഉറപ്പാക്കുന്നതിന് 4660 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്. തീരദേശത്തെ നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന 18689 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന 2450 കോടി രൂപ അടങ്കലുള്ള പുനർഗേഹം പദ്ധതി, തീരദേശത്തെ സ്കൂളുകൾ, ആശുപത്രികൾ മുതലായവയുടെ വികസനത്തിന് നടപ്പാക്കിയ 146 കോടി രൂപയുടെ പദ്ധതികൾ, കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന 109 കോടി രൂപയുടെ തീര സംരക്ഷണ പ്രവൃത്തികൾ, കിഫ്ബിയിലുൾപ്പെടുത്തി നടപ്പാക്കുന്ന 220 കോടി രൂപയുടെ പരപ്പനങ്ങാടി, ചെത്തി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം, കിഫ്ബിയിൽ നിന്നും 257 കോടി രൂപ അനുവദിച്ച് 56 തീരദേശ സ്കൂളുകളും 65 മത്സ്യമാർക്കറ്റുകളും വികസിപ്പിക്കുന്ന പദ്ധതി, നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിന് നടപ്പാക്കുന്ന 705 കോടി രൂപയുടെ പദ്ധതികൾ, തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് നടപ്പാക്കുന്ന 773 കോടി രൂപയുടെ പദ്ധതികളും ഉൾപ്പെടുന്ന ആകെ 4660 കോടി രൂപയുടെ പദ്ധതികൾ ആണ് തീരദേശത്ത് നടപ്പാക്കി വരുന്നത്. ഇതിനു പുറമേ, ഓഖി ഇരകളുടെ പുനരധിവാസത്തിനും മത്സ്യത്തൊഴിലാളികളുടെ കടൽ സുരക്ഷയ്ക്കും ഉപജീവന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി 128 കോടി രൂപയുടെ പദ്ധതികളാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നടപ്പാക്കി വരുന്നത്. മത്സ്യമേഖലയിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ 5 വർഷ കാലയളവിൽ 1419 കോടി രൂപയുടെ പദ്ധതികളും ഇതിന് പുറമേ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി കഴിഞ്ഞു. |
| (സി) | ഈ പാക്കേജ് പ്രകാരമുള്ള ഏതൊക്കെ പദ്ധതികളാണ് ഇതിനകം നടപ്പിലാക്കിയതെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക സംബന്ധിച്ചും വിശദാംശം നൽകുമോ? | (സി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശ മേഖലയ്ക്ക് പൊതുവിലും മത്സ്യമേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിയും സമഗ്ര വികസനം ഉറപ്പാക്കുന്നതിന് ആവശ്യമായ ദീർഘകാല |

വികസന പദ്ധതികൾ ആവിഷ്കരിക്കുകയാണ് പ്രസ്തുത പാക്കേജിന്റെ ലക്ഷ്യം. തീരദേശ മേഖലയിലെ വികസന വിടവുകൾ തിരിച്ചറിഞ്ഞ്, മത്സ്യത്തൊഴിലാളികളുടെ സമ്പൂർണ്ണ പുനരധിവാസം, ജീവനോപാധികൾ വികസിപ്പിക്കൽ, മാനവ വികസനം, സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കൽ, തീരദേശ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനം മുതലായ വ്യത്യസ്ത ഘടകങ്ങൾ ഉൾപ്പെടുത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പാക്കേജ് ആവിഷ്കരിക്കുവാനാണ് തീരുമാനിച്ചത്. മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഒരു വിദഗ്ധ സമിതിയാണ് സ്പെഷ്യൽ പാക്കേജ് ആവിഷ്കരിക്കുന്നതിന്റെ മേൽ നോട്ടം വഹിക്കുന്നത്. പ്രസ്തുത കമ്മിറ്റി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വ്യത്യസ്ത മേഖലകളിൽ വിശദ പഠനം ആവശ്യമാണെന്ന് വിലയിരുത്തുകയും അത്തരം പഠനങ്ങൾക്കായി Tata Institute of Social Sciences (TISS), Institute of Rural Management Anand, (IRMA) എന്നീ ഏജൻസികളെ ചുമതലപ്പെടുത്തുകയും ചെയ്തു. മത്സ്യമേഖലയിലെ പശ്ചാത്തല വികസനം, മാനവ വികസനം, സാമൂഹ്യ സുരക്ഷിതത്വം, ദുരന്ത നിവാരണം, കടൽ സുരക്ഷ എന്നീ വിഷയങ്ങളിൽ TISS നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് പരിശോധിച്ച് വരുന്നു. മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ സംബന്ധിച്ച പഠനത്തിന് ചുമതലപ്പെടുത്തിയ IRMA യുടെ പഠനം കോവിഡ് 19 ന്റെ പ്രതിസന്ധി മൂലം പൂർത്തിയായിട്ടില്ല. ഈ സാഹചര്യത്തിൽ പ്രത്യേക സ്പെഷ്യൽ പാക്കേജിന്റെ ഭാഗമായി തീരദേശ മേഖലയിലെ പശ്ചാത്തല വികസനവും മത്സ്യത്തൊഴിലാ ളികളുടെ സമ്പൂർണ്ണ പുനരധിവാസവും ഉറപ്പാക്കുന്നതിന് 4660 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്. തീരദേശത്തെ നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന 18689 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന 2450 കോടി രൂപ അടങ്കലുള്ള പുനർഗേഹം പദ്ധതി, തീരദേശത്തെ സ്കൂളുകൾ, ആശുപത്രികൾ മുതലായവയുടെ വികസനത്തിന് നടപ്പാക്കിയ 146 കോടി രൂപയുടെ പദ്ധതികൾ, കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന 109 കോടി രൂപയുടെ തീര സംരക്ഷണ പ്രവൃത്തികൾ, കിഫ്ബിയിലുൾപ്പെടുത്തി നടപ്പാക്കുന്ന 220 കോടി രൂപയുടെ പരപ്പനങ്ങാടി, ചെത്തി മത്സ്യബന്ധന

| | | | |
|---|---|---|---|
| | | | തുറമുഖങ്ങളുടെ നിർമ്മാണം, കിഫ്ബിയിൽ നിന്നും 257 കോടി രൂപ അനുവദിച്ച് 56 തീരദേശ സ്കൂളുകളും 65 മത്സ്യമാർക്കറ്റുകളും വികസിപ്പിക്കുന്ന പദ്ധതി, നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിന് നടപ്പാക്കുന്ന 705 കോടി രൂപയുടെ പദ്ധതികൾ, തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് നടപ്പാക്കുന്ന 773 കോടി രൂപയുടെ പദ്ധതികളും ഉൾപ്പെടുന്ന ആകെ 4660 കോടി രൂപയുടെ പദ്ധതികൾ ആണ് തീരദേശത്ത് നടപ്പാക്കി വരുന്നത്. ഇതിനു പുറമേ, ഓഖി ഇരകളുടെ പുനരധിവാസത്തിനും മത്സ്യത്തൊഴിലാളികളുടെ കടൽ സുരക്ഷയ്ക്കും ഉപജീവന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി 128 കോടി രൂപയുടെ പദ്ധതികളാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നടപ്പാക്കി വരുന്നത്. മത്സ്യമേഖലയിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ 5 വർഷ കാലയളവിൽ 1419 കോടി രൂപയുടെ പദ്ധതികളും ഇതിന് പുറമേ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ